LCO/173/2022 – W(2)

ലേബർ കമ്മീഷണറുടെ കാര്യാലയം,
തൊഴിൽ ഭവൻ, വികാസ് ഭവൻ (പി.ഒ),
തിരുവനന്തപുരം – 695 033,
e-mail : alcwelfare@gmail.com

**സർക്കുലർ നമ്പർ : 03/2022 തീയതി : 29/05/2022**

വിഷയം :- കുടിയേറ്റ തൊഴിലാളി സംസ്ഥാനത്തിനകത്ത് വച്ച് മരണപ്പെടുന്ന സാഹചര്യത്തിൽ ഭൗതികശരീരം സ്വദേശത്ത് എത്തിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന കുടിയേറ്റതൊഴിലാളികളുടെ ഭൗതികശരീരം സ്വദേശത്ത് എത്തിക്കുന്നതുമായി ബന്ധപ്പെട്ടുള്ള, റിവോൾവിംഗ് ഫണ്ട് കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് 07/01/2022 തീയതിയിൽ ബഹു.ലേബർ കമ്മീഷണർ വിളിച്ചു ചേർത്ത ജില്ലാ ലേബർ ഓഫീസർ(ഇ)-മാരുടെ ഓൺ-ലൈൻ മീറ്റിംഗിലെയും തുടർന്ന് ബഹു.ലേബർ കമ്മീഷണറുടെ നിർദ്ദേശപ്രകാരം അഡീഷണൽ ലേബർ കമ്മീഷണർ(എൻഫോഴ്സ്മെന്റ്), ഫിനാൻസ് ഓഫീസർ എന്നിവർ നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ ഈ വിഷയത്തിൽ കർശനമായി പാലിക്കുന്നതിനായി സർക്കുലറായി പുറപ്പെടുവിക്കുന്നു.

1. 29/03/2010 തീയതിയിലെ G.O(MS).46/2010/LBR നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് കുടിയേറ്റതൊഴിലാളികളുടെ ക്ഷേമത്തിനായി നിധി രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്. ഈ ക്ഷേമപദ്ധതിയിൽ ഉൾപ്പെട്ട ഒരു ആനുകൂല്യമാണ് സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന കുടിയേറ്റതൊഴിലാളിയുടെ ഭൗതികശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായം. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുപ്രകാരം ടി ഇനത്തിൽ ചെലവായ തുക മരണമടഞ്ഞ തൊഴിലാളികളുടെ താഴെ വിവരിക്കുന്ന ആശ്രിതർക്ക് ധനസഹായം നൽകുന്നതിന് ഉത്തരവായിരുന്നു.

i. ഭാര്യ/ഭർത്താവ്
ii. ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് ചെലവുവഹിച്ച മക്കൾ (തുല്യമായി)
iii. അച്ഛൻ
iv. അമ്മ
v. ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിന് ചെലവുവഹിച്ച സഹോദരി-സഹോദരന്മാർനിലവിൽ യഥാർത്ഥത്തിൽ ചെലവായ തുകയോ, 50,000/- രൂപയോ ഏതാണോ കുറവ്, അനുവദിക്കാനാണ് അനുമതി ഉള്ളത്.

15/02/2021 തീയതിയിലെ G.O(MS).23/2021/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർ കേരളത്തിൽ ഇല്ലാത്തപക്ഷം മാത്രം ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ(ഇ)-യ്ക്ക് തുക ചെലവഴിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ പല ജില്ലാ ലേബർ ഓഫീസർമാരും മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർ കേരളത്തിൽ ഉണ്ടായിരുന്നിട്ടും തുക ചെലവഴിക്കുകയും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും തുക റീഇംപ് ചെയ്ത് ലഭിക്കുന്നതിനുള്ള അപേക്ഷ ഈ കാര്യാലയത്തിൽ നൽകുകയും ചെയ്യുന്നു. ആയത് പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ മരണമടയുന്ന കുടിയേറ്റ തൊഴിലാളികളുടെ മേൽ വിവരിക്കുന്ന ആശ്രിതർ കേരളത്തിലുള്ളപക്ഷം ടി ആശ്രിതർക്ക് മാത്രമേ ചട്ടപ്രകാരമുള്ള അവകാശ രേഖകൾ പരിശോധിച്ച് റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ പാടുള്ളൂ.

2. ആശ്രിതരുടെ അവകാശരേഖകൾ സമർപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസവും, പ്രായോഗികബുദ്ധിമുട്ടും ഉണ്ടാകുന്ന വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് സർക്കാരിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കി അറിയിക്കുന്നതായിരിക്കും. ഇത്തരത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നത് വരെ ആശ്രിതർ കേരളത്തിലുള്ളപക്ഷം ആശ്രിതർക്ക് മാത്രമേ തുക അനുവദിക്കാൻ പാടുള്ളൂ.

3. കുടിയേറ്റതൊഴിലാളി മരണപ്പെടുന്ന സ്ഥലത്തിന്റെ അധികാരപരിധിയിലുള്ള അസിസ്റ്റന്റ് ലേബർ ഓഫീസറും, ജില്ലാ ലേബർ ഓഫീസർ(ഇ)-യും ഭൗതികശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾക്ക് മേൽനോട്ടം വഹിക്കേണ്ടതും, കേരളത്തിലുള്ള ആശ്രിതർക്ക് റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക അനുവദിക്കുകയോ, ആശ്രിതർ ഇല്ലാത്തപക്ഷം തുക ചെലവഴിക്കുകയോ ചെയ്യേണ്ടതുമാണ്. യഥാർത്ഥത്തിൽ ചെലവായ തുകയോ, 50,000/- രൂപയോ ഏതാണോ കുറവ് ആയത് വേണം അനുവദിക്കാൻ. ആശ്രിതർക്ക് തുക അനുവദിക്കുമ്പോൾ ആശ്രിതർ തുക ചെലവാക്കിയതിന്റെ രേഖകളുടെ പകർപ്പുകൂടി പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തേണ്ടതാണ്.

4. മരണമടയുന്ന കുടിയേറ്റ തൊഴിലാളികളുടെ ആശ്രിതർ കേരളത്തിൽ ഇല്ലാത്തപക്ഷം പദ്ധതി പ്രകാരം ജില്ലാ ലേബർ ഓഫീസർ (ഇ) ഭൗതികശരീരം സ്വദേശത്ത് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് തുക ചെലവഴിക്കേണ്ടതാണ്. മരണമടയുന്ന തൊഴിലാളിയുടെ തൊഴിലുടമ തുക ചെലവഴിച്ചതിന് തൊഴിലുടമയ്ക്ക് റിവോൾവിംഗ് ഫണ്ടിൽ നിന്നും ടി തുക അനുവദിക്കുന്നത് അനുവദനീയമല്ല. പദ്ധതിപ്രകാരം സർക്കാരോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ ഇതര സ്ഥാപനങ്ങളോ ചെലവ് വഹിക്കുകയോ, ധനസഹായം അനുവദിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥ കർശനമായി പാലിക്കേണ്ടതാണ്.

5. ആംബുലൻസ് മുഖാന്തിരം കുടിയേറ്റതൊഴിലാളിയുടെ ഭൗതികശരീരം പശ്ചിമ ബംഗാൾ, അസ്സം, ബീഹാർ, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, തുടങ്ങിയ വിദൂര സംസ്ഥാനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഭീമമായ ചെലവും, കാലതാമസവും വരുന്ന സാഹചര്യം ഉണ്ടാകും. ആയതിനാൽ അത്തരം സാഹചര്യത്തിൽ ഭൗതികശരീരം വിമാനമാർഗ്ഗം എത്തിക്കുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകേണ്ടതും, മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതരേയും, സുഹൃത്തുക്കളേയും ടി വിവരം ബോധിപ്പിക്കേണ്ടതും ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ(ഇ) എന്നിവരുടെ ചുമതലയാകുന്നു.

6. റിവോൾവിംഗ് ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ ഭൗതികശരീരം സ്വദേശത്ത് എത്തിക്കുന്നതിന് ഏജൻസികളെ ചുമതലപ്പെടുത്തണമെന്നുള്ള നിർദ്ദേശം ഇല്ല. മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർ കേരളത്തിൽ ഇല്ലാത്തപക്ഷം തുക നേരിട്ട് ചെലവഴിക്കാനാണ് ജില്ലാ ലേബർ ഓഫീസർ(ഇ)-മാരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഏജൻസി മുഖാന്തിരം വിഷയം കൈകാര്യം ചെയ്യുന്നത് നിരവധി പരാതികളും, ക്രമക്കേടുകൾക്കും ഇടവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഭൗതികശരീരം ഇപ്രകാരം ഏജൻസി മുഖാന്തിരം സ്വദേശത്ത് എത്തിക്കുന്ന നടപടി അനുവദനീയമല്ല.

7. ഭൗതികശരീരം സ്വദേശത്ത് എത്തിക്കുന്നതുമായി ബന്ധപ്പെട്ട് പ്രധാനമായും താഴെ പറയുന്ന ഇനങ്ങളിലാണ് തുക ചെലവഴിക്കേണ്ടതായി വരുന്നത്. ഓരോ ഇനത്തിലുള്ള തുകയും ചെലവഴിക്കേണ്ടതിന്റെ രീതികളും ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **ഇനം** | **ചെലവഴിക്കേണ്ട രീതി** |
|---|---|---|
| 1 | ആംബുലൻസ്-ഭൗതികശരീരം പോസ്റ്റ്മാർട്ടം നടപടികൾക്കായും, തുടർന്ന് മോർച്ചറിയിൽ നിന്നും വിമാനത്താവളത്തിലേയ്ക്കുമുള്ള യാത്ര. | KMCL(Kerala Medical Service Corporation Limited) നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരമുള്ള തുകയാണ് വിനിയോഗിക്കേണ്ടത്. |
| 2. | ഭൗതികശരീരം എം-ബാം ചെയ്യുന്നതിനുള്ള ചെലവ് | സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രി തുടങ്ങിയ ഇടങ്ങളിൽ നിന്നും സൗജന്യമായി എം-ബാം ചെയ്യുന്നതിനുള്ള നടപടികളാണ് |

| | | |
|---|---|---|
| | | സ്വീകരിക്കേണ്ടത്. സ്വകാര്യ സ്ഥാപനങ്ങളിൽ എം-ബാം ചെയ്യുന്നതിന് തുക അനുവദിക്കാൻ പാടുള്ളതല്ല. |
| 3. | മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള പെട്ടി/അനുബന്ധ ചെലവുകൾ | KMCL ലഭ്യമാണെങ്കിൽ ടി നിരക്കിലും ഇല്ലാത്തപക്ഷം ആവശ്യമായ അന്വേഷണങ്ങൾ നടത്തി ഏറ്റവും കുറഞ്ഞ മാർക്കറ്റ് നിരക്കിലും അനുവദിക്കേണ്ടതാണ്. |
| 4. | മോർച്ചറിയിൽ സൂക്ഷിക്കുന്നതിനുള്ള ചെലവ് | സർക്കാർ മെഡിക്കൽ കോളേജുകൾ. സർക്കാർ ആശുപത്രികൾ എന്നിവയുടെ സൗജന്യ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്. |
| 5. | എയർ കാർഗോ ചാർജ് | വിമാന കമ്പനികളുടെ അതാതു ദിവസത്തെ നിരക്ക് പ്രകാരമുള്ള തുക നേരിട്ട് വിമാന കമ്പനിക്ക് നൽകേണ്ടതാണ്. |

8. എയർ കാർഗോ ബുക്കിംഗുമായി ബന്ധപ്പെട്ട് വിവിധ ജില്ലാ ലേബർ (ഇ) ഓഫീസർമാരെ സഹായിക്കുന്നതിനായി, തിരുവനന്തപുരം വിമാനത്താവളം വഴി ഭൗതിക ശരീരം അയക്കുന്നതിന് തിരുവനന്തപുരം അസിസ്റ്റന്റ് ലേബർ ഓഫീസർ സർക്കിൾ-2 വിനേയും നെടുമ്പാശ്ശേരി വിമാനത്താവളം വഴി അയയ്ക്കുന്നതിന് ആലുവ അസിസ്റ്റന്റ് ലേബർ ഓഫീസറെയും കോഴിക്കോട് വിമാനത്താവളം വഴി അയയ്ക്കുന്നതിന് കൊണ്ടോട്ടി അസിസ്റ്റന്റ് ലേബർ ഓഫീസറെയും കണ്ണൂർ വിമാനത്താവളം വഴി അയയ്ക്കുന്നതിന് ഇരിട്ടി അസിസ്റ്റന്റ് ലേബർ ഓഫീസറെയും ലെയ്സൺ ഓഫീസർമാരായി നിശ്ചയിക്കുന്നു. ടി ലെയ്സൺ ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർ(ഇ) അറിയിക്കുന്ന മുറയ്ക്ക് വിവിധ വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് എയർ കാർഗോ ബുക്കിംഗിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ജില്ലാ ലേബർ ഓഫീസർ(ഇ)-മാരെ ആയതിന്റെ തൽസ്ഥിതി വിവരങ്ങൾ സമയബന്ധിതമായി അറിയിക്കേണ്ടതുമാകുന്നു.

9. റിവോൾവിംഗ് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീഇമ്പേഴ്സ് ചെയ്ത് നൽകുന്നതിനുള്ള അഭ്യർത്ഥനയോടൊപ്പം ഇതോടൊപ്പം നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ

വിശദാംശങ്ങൾ രേഖപ്പെടുത്തി നടപടിക്രമത്തിന്റെ പകർപ്പ്, ആശ്രിതരായ വ്യക്തികൾ നൽകുന്ന അപേക്ഷ, ആശ്രിതത്വം തെളിയിക്കുന്നതിനുള്ള രേഖകൾ, ആശ്രിതരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർഓഫീസറുടെ റിപ്പോർട്ട്, ചെലവിനങ്ങളുടെ വൗച്ചറുകളും, എഫ്.ഐ.ആർ/പോസ്റ്റ്മാർട്ടം റിപ്പോർട്ട് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഏഴ് (7) ദിവസത്തിനകം ലേബർ കമ്മീഷണറേറ്റിൽ സമർപ്പിക്കേണ്ടതാകുന്നു.

10. മരണപ്പെടുന്ന കുടിയേറ്റതൊഴിലാളിയുടെ ഭൗതികശരീരം കേരള സംസ്ഥാനത്തിന് പുറത്തുള്ള തൊഴിലാളിയുടെ സ്വദേശത്ത് എത്തിച്ച് സംസ്കരിക്കുന്ന അവസരത്തിൽ മാത്രമേ റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ പാടുള്ളൂ. ഭൗതികശരീരം കേരള സംസ്ഥാനത്തിനകത്ത് തന്നെ സംസ്കരിക്കുന്ന അവസരത്തിൽ റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക അനുവദനീയമല്ല.

11. റിവോൾവിംഗ് ഫണ്ടിൽ നിന്നുള്ള ചെലവിനങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ എല്ലാ ജില്ലാ ലേബർ ഓഫീസർ (ഇ)-മാരും സൂക്ഷിക്കേണ്ടതാകുന്നു.

## <u>കേരളത്തിൽ വച്ച് മരണമടയുന്ന കുടിയേറ്റ തൊഴിലാളികളുടെ ഭൗതികശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് റിവോൾവിംഗ് ഫണ്ടിൽ നിന്നും ചെലവായ തുക റീക്ലപ്പ് ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട പ്രൊഫോർമ</u>

| | | |
|---|---|---|
| 1. | ജില്ലാ ലേബർ (ഇ) ഓഫീസിന്റെ പേര്<br>മേൽവിലാസം | |
| 2. | ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസിന്റെ പേര്<br>മേൽവിലാസം | |
| 3. | റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക<br>അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ച<br>അപേക്ഷകന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ,<br>മരണമടഞ്ഞ ആളുമായുള്ള ബന്ധം | |
| 4. | മരണപ്പെട്ട കുടിയേറ്റതൊഴിലാളിയുടെ പേര്<br>സ്വദേശം<br>മേൽവിലാസം | |
| 5. | മരണപ്പെട്ട കുടിയേറ്റതൊഴിലാളിയുടെ കേരളത്തിലെ<br>മേൽവിലാസം | |

| | | |
|---|---|---|
| 6. | മരണപ്പെട്ട കുടിയേറ്റതൊഴിലാളിയുടെ തൊഴിലുടമയുടെ വിശദാംശങ്ങൾ | |
| 7. | മരണപ്പെട്ട തീയതി, സ്ഥലം | |
| 8.<br>a.<br><br>b.<br><br>c. | <br>കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി വ്യവസ്ഥകൾ പ്രകാരമുള്ള ആശ്രിതർ കേരളത്തിൽ ഉണ്ടായിരുന്നോ<br>ഉണ്ടെങ്കിൽ അവരുടെ പേര്/മരണപ്പെട്ട തൊഴിലാളിയുമായുള്ള ബന്ധം<br>ആശ്രിതൻ തന്നെയാണോ അപേക്ഷകനായിട്ടുള്ളത് | Yes/No<br><br>Yes/No |
| 9. | ആശ്രിതന്റെ സ്വദേശത്തെ മേൽവിലാസം, ഫോൺ നമ്പർ | |
| 10. | ആശ്രിതന്റെ കേരളത്തിലെ മേൽവിലാസം, ഫോൺ നമ്പർ | |
| 11. | മരണം സ്ഥിരീകരിച്ച സ്ഥലം/ആശുപത്രിയുടെ വിശദാംശങ്ങൾ | |
| 12. | പോസ്റ്റ്മാർട്ടം നടത്തിയിട്ടുണ്ടെങ്കിൽ നടത്തിയ ആശുപത്രിയുടെ വിശദാംശങ്ങൾ | |
| 13. | ഭൗതികശരീരം എം-ബാം ചെയ്ത സ്ഥാപനത്തിന്റെ വിശദാംശങ്ങൾ | |
| 14. | ഭൗതികശരീരം ആംബുലൻസ് മുഖാന്തിരം വഹിച്ചുകൊണ്ട് പോയതിന്റെ വിശദാംശങ്ങൾ (ദൂരം) | |
| 15. | വിമാനമാർഗ്ഗം വഴി അയച്ചതെങ്കിൽ ആയതിന്റെ വിശദാംശം<br>From ...................... Airport To ...................... Airport | |
| 16.<br>a)<br><br>b) | <br>തുക ആശ്രിതർക്കാണോ അനുവദിച്ചിട്ടുള്ളത്<br><br>തുക അനുവദിച്ചു നൽകിയ ആശ്രിതരുടെ പേര്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (IFSC, Branch) | Yes/No |
| 17. | a) ജില്ലാ ലേബർ ഓഫീസർ തുക ചെലവഴിക്കുന്ന | |

| | | |
|---|---|---|
| | അവസരത്തിൽ<br>ചെലവായ തുകയുടെ ഇന വിവരങ്ങൾ<br>1.<br>2.<br>3.<br>b) ആകെ | |
| 18. | റിമാർക്സ് | |

(ഒപ്പ്)
ജില്ലാ ലേബർ ഓഫീസർ

സ്ഥലം :-

തീയതി :-

12. സംസ്ഥാനത്തിനകത്ത് വച്ച് മരണപ്പെടുന്ന കുടിയേറ്റതൊഴിലാളികളുടെ ഭൗതികശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്ന കാര്യത്തിൽ മേൽ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
ലേബർ കമ്മീഷണർ

പകർപ്പ് : എല്ലാ സബ് ഓഫീസുകൾക്കും

അംഗീകാരത്തോടെ,

Leema

ജൂനിയർ സൂപ്രണ്ട് (വെൽഫെയർ)

ബി.എസ്